**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2843** **06-10-2025 - ൽ മറുപടിയ്ക്ക്**

**ഹരിപ്പാട് മണ്ഡലത്തിലെ പള്ളിപ്പാട് നീണ്ടൂർ കാട്ടുവള്ളി ശ്രീദുർഗ്ഗാദേവിക്ഷേത്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ രമേശ് ചെന്നിത്തല** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | പള്ളിപ്പാട് നീണ്ടൂർ കാട്ടുവള്ളി ശ്രീദുർഗ്ഗാദേവിക്ഷേത്രത്തെ നിത്യപൂജയുള്ള ക്ഷേത്രമാക്കി മാറ്റുന്നതിനും രണ്ടുനേരം പൂജ ചെയ്യുന്നതിനുമുള്ള നടപടി സ്വീകരിക്കാമോ; | (എ) | തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഹരിപ്പാട് ഗ്രൂപ്പിൽപ്പെട്ട ദേവസ്വം ആയ പള്ളിപ്പാട് കാട്ടുവള്ളിൽ ശ്രീ ദുർഗാദേവി ക്ഷേത്രം ഒരു നേരം മാത്രം നിത്യ പൂജ ഉള്ളതും, മാസ വരുമാനം നാലായിരം രൂപയിൽത്താഴെ മാത്രം വരുന്നതും ആണ്. ടി ദേവസ്വത്തിൽ ഒരു പാർട്ട് ടൈം ശാന്തി പാർട്ട് ടൈം കഴകം തസ്തികകൾ ആണ് നിലവിലുള്ളത്. ടി ക്ഷേത്രത്തെ രണ്ട് നേരം നിത്യപൂജയുള്ള ക്ഷേത്രമാക്കി മാറ്റുന്നതിന് ക്ഷേത്ര തന്ത്രിയുടെ അഭിപ്രായം കൂടി ലഭ്യമാകേണ്ടതുണ്ട്. |
| (ബി) | ഇതിനാവശ്യമായ ശാന്തി, കഴകം എന്നീ തസ്തികകളിൽ സ്ഥിരം നിയമനങ്ങൾ നടത്തുന്നതിനുള്ള നിർദേശം നൽകാമോ; | (ബി) | പള്ളിപ്പാട് കാട്ടുവള്ളിൽ ശ്രീ ദുർഗാദേവി ക്ഷേത്രത്തിൽ പാർട്ട് ടൈം കഴകം തസ്തികയിൽ നിയമനം നടന്നിട്ടുള്ളതാണ്. ശാന്തി തസ്തികയിൽ പുതിയ നിയമനങ്ങൾ നടത്തുന്ന മുറയ്ക്ക് ആളെ നിയമിക്കുവാൻ കഴിയുന്നതാണ്. |
| (സി) | ഇതുമായി ബന്ധപ്പെട്ട് തിരുവിതാംകൂർ ദേവസ്വം ബോർഡിന് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തുനടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ? | (സി) | ഈ വിഷയത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന് നാളിതുവരെ യാതൊരു നിവേദനങ്ങളും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ